**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1567** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>മയ്യിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും രോഗികൾ ഏറെ ആശ്രയിക്കുന്നതുമായ മയ്യിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോൾ നിലവിലുണ്ടോ;എങ്കിൽ മയ്യിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്താനുള്ള നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** Indian Public Health Standards ലെയും 07.07.2018 ലെ സ.ഉ(സാധാ) നം. 2198/2018/H&FWD, തീയതി പ്രകാരമുള്ള താലൂക്ക് ആശുപത്രികളുടെ സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ, നിലവിൽ മയ്യിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് 90 സെന്റ് ഭൂമി മാത്രമാണ് ലഭ്യമായിട്ടുള്ളത്. 100 കിടക്കകൾ ആവശ്യമായിടത്ത് അനുവദനീയമായ കിടക്കകളുടെ എണ്ണം 34-ഉം ആണ്. കൂടാതെ, ഐ.സി.യു, ഓപ്പറേഷൻ തീയേറ്റർ, മെഡിക്കൽ, സർജിക്കൽ, ഐസൊലേഷൻ, 24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി വാർഡ്, ലേബർ, നിയോനേറ്റൽ വാർഡുകൾ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ, ഗൈനക്കോളജി, ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോപീഡിക്സ് തുടങ്ങിയ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ഡോക്ടർമാരുടെ തസ്തികകൾ, എക്സറേ, സി.ടി സ്കാൻ, അൾട്രാസൗണ്ട് തുടങ്ങിയ രോഗനിർണയ സൗകര്യങ്ങൾ, ആവശ്യമായ നഴ്സിംഗ്, ലാബ്, ഫാർമസി, മിനിസ്റ്റീരിയൽ ജീവനക്കാർ, തടസ്സരഹിതമായ വൈദ്യുതി വിതരണത്തിനാവശ്യമായ ട്രാൻസ്ഫോർമർ ഉൾപ്പെടെ താലൂക്ക് ആശുപത്രിയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ലഭ്യമല്ല. ആയതിനാൽ മയ്യിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന വിഷയം നിലവിൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**സെക്ഷൻ ഓഫീസർ**